# GOVERNMENT OF KERALA

## Office of the Commissioner for Entrance Examinations

**Housing Board Buildings, Santhi Nagar ,Thiruvananthapuram-695001**

## വിജ്ഞാപനം

## കീം 2023

**എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2023**

**അപേക്ഷയോടൊപ്പം വിവിധ സംവരണാനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്തവർക്ക് വീണ്ടും അവസരം**

2023-24 വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും എന്നാൽ അർഹമായ സംവരണം/മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനാവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാതിരിക്കുകയും ചെയ്ത അപേക്ഷകർക്ക് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിന് കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അവസാനമായി ഒരു അവസരം കൂടി നൽകുന്നു. ഈ അവസരം ഉപയോഗപ്പെടുത്തുന്നതിനായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM -2023 Candidate Portal'** -ൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് പ്രൊഫൈൽ പേജ് പരിശോധിക്കേണ്ടതാണ്. അത്തരം അപേക്ഷകർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ **Candidate Portal** വഴി അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇതിനായി പ്രൊഫൈൽ പേജിൽ ലഭ്യമായിട്ടുള്ള **'Certificate for Category'** എന്ന ലിങ്കിലൂടെ അവരവർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ/ രേഖകൾ സമർപ്പിക്കാവുന്നതാണ്. ഒന്നിലധികം രേഖകൾ സമർപ്പിക്കേണ്ടതുണ്ടെങ്കിൽ ആയത് ഒറ്റ pdf ഫയൽ ആക്കിയ ശേഷം സമർപ്പിക്കേണ്ടതാണ്.

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് അപേക്ഷിക്കുകയും NRI ക്വോട്ട സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുകയും ചെയ്യുന്നവർ Candidate Portal ലെ 'Upload NRI Documents ' എന്ന ലിങ്കിലൂടെ സർട്ടിഫിക്കറ്റുകൾ ഒറ്റ pdf ഫയലാക്കി Upload ചെയ്യേണ്ടതാണ്.

**27.06.2023 വൈകുന്നേരം 5.00 മണിവരെ** സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാൻ വെബ് സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:**

1. പ്രൊഫൈൽ പേജിൽ അർഹമായ സംവരണം ഇതിനകം അനുവദിക്കപ്പെട്ടിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റുകൾ വീണ്ടും അപ്‌ലോഡ് ചെയ്യരുത്.
2. നിലവിൽ സമർപ്പിച്ച സർട്ടിഫിക്കറ്റുകളിൽ അപാകത ഉണ്ടായിരിക്കുകയും പ്രൊഫൈൽ പേജിൽ memo ലഭിക്കുകയും ചെയ്തിട്ടുള്ളവർ **'Memo Details'** എന്ന ലിങ്കിലൂടെ തന്നെ സർട്ടിഫിക്കറ്റുകൾ Upload ചെയ്ത് അപാകതകൾ പരിഹരിക്കേണ്ടതാണ് (20.06.2023 തീയതിയിലെ വിജ്ഞാപനം അനുസരിച്ച്).
3. പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം 'കേരളീയർ' (Keralite) ആയവർക്ക് മാത്രമാണ് വിവിധ സംവരണാനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.
4. **എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനാൽ, പുതിയതായി സംവരണാനുകൂല്യം ലഭിക്കുന്നതുമൂലം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയാലും റാങ്ക് ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തുന്നതല്ല.**

I/42723/2023

വിദ്യാർത്ഥികൾ സാധുവായതും അപാകത ഇല്ലാത്തതുമായ സർട്ടിഫിക്കറ്റുകളാണ് അപ്‌ലോഡ് ചെയ്യതെന്ന് ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ന്യൂനതകൾ ഉള്ള സർട്ടിഫിക്കറ്റുകളാണ് അപ്‌ലോഡ് ചെയ്യുന്നതെങ്കിൽ അത് പരിഹരിക്കുന്നതിനായി പിന്നീട് അവസരം നൽകുന്നതല്ല.

ഫാക്സ്/ഇമെയിൽ മുഖാന്തിരമോ തപാൽ/നേരിട്ടോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**Helpline number: 0471- 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**തിരുവനന്തപുരം**

**23.06.2023**

Signed by
Arun K Vijayan
Date: 23-06-2023 19:51:27